QP CODE: 19103145

19103145

Reg No : ....................

Name : ....................

# B A DEGREE (CBCS)EXAMINATION, NOVEMBER 2019

## First Semester

## Core Course - ML1CRT01 - NAVEENA KAVITHA

(Common to B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing, B.A Malayalam Language and Literature Model II Copy Writing)

2017 Admission Onwards

7571E03D

Time: 3 Hours

Maximum Marks :80

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.*

1. “നിഴലും വെളിച്ചവും മാറി മാറി
   നിഴലിക്കും ജീവിത ദർപ്പണം നീ ”
   -- ആത്മഗീതം എന്ന കവിതയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

2. “കാലിണകെട്ടട്ടേ നേരിയവാക്കിന്റെ
   നൂലിനാലോമനെ നോവിക്കാതെ”-- കവി ഉദ്ദേശിക്കുന്നതെന്തെന്ന്
   വ്യക്തമാക്കുക.

3. “കവിയും കൃഷകനുമൃഷിയുമൊരാളിൽത്താൻ”- എന്ന് കവി
   പറയുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുക.

4. “അന്ധർ നിൻ തുമ്പിയോ കൊമ്പോ
   പള്ളയോ തൊട്ടിടഞ്ഞിടാം
   എനിക്കു കൊതി നിൻ വാലിൻ
   രോമം കൊണ്ടൊരു മോതിരം”- ആശയം വിശദമാക്കുക.

5. “എനിക്കിന്നുമുതൽ ഗ്രാമ
   വയൽപ്പച്ച മണക്കുമി-
   പ്പരുത്തിതൻ കുളിരേകും
   ഉടുപ്പുപോരും”- വരികളിലെ ആശയം വ്യക്തമാക്കുക.

6. “പാഴിലതിനിന്ദ്യമീനരത്വത്തിന്റെ-
   യാഴമെന്താണെന്നറിഞ്ഞൊടുങ്ങട്ടെ ഞാൻ”- സാരസ്യം വ്യക്തമാക്കുക.

7. ഗദ്യത്തോട് ഏറെ അടുത്തുനില്ക്കുന്ന കാവ്യഭാഷയാണ് ‘കൊച്ചിയിലെ
   വൃക്ഷങ്ങൾ’ എന്ന കവിത- വിലയിരുത്തുക.

8. ഭൂമിയിലെ പ്രണയത്തിനായി ദൈവംപോലും വഴിയൊരുക്കുന്നു. സന്ദർഭം
   വ്യക്തമാക്കുക.

9. മന്നാന്റെ  ജീവിതത്തെ എപ്രകാരമാണ് എം.ബി. മനോജ് വരച്ചു കാട്ടുന്നത് ?

10. അദ്ധ്വാനത്തിന്റെയും മുഷിഞ്ഞു നാറലിന്റെയും പ്രതീകമായി കൈക്കലത്തുണിയെ പരിവർത്തിപ്പിക്കുന്ന സാധ്യത പരിശോധിക്കുക.

11. “മുറിച്ചുനീന്തിയ കടലൊന്നും
കടലായിരുന്നില്ലെന്ന് ഇപ്പോഴറിയുന്നു”
- ആശയം വ്യക്തമാക്കുക.

12. എം. ബി. മനോജ് കവിതയിൽ കുറിക്കുന്ന കറുപ്പിന്റെ സൗന്ദര്യശാസ്ത്രമെന്ത്?

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ* ***ആറ്*** *ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.*

13. “കാണാമറിയുമോ കണ്ടാൽ മറക്കാത്ത-
താണകറുത്ത മുഖങ്ങളൊരിക്കലും”
-- എന്ന വരികളിലൂടെ കവി വിവക്ഷിക്കുന്നതെന്ത്.?

14. തള്ളക്കോഴി കുഞ്ഞിന് നൽകുന്ന ഉപദേശമെന്ത്?

15. മനുഷ്യന്റെ  ഒറ്റപ്പെടലിനെ 'വീട്ടിലേക്കുള്ള വഴി' യിൽ കവി ആവിഷ്കരിക്കുന്നതെങ്ങനെ?

16. അത്താഴം' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

17. കുരീപ്പുഴ ശ്രീകുമാറിന്റെ രചനാസവിശേഷതകളെ പരിചയപ്പെടുത്തുക.

18. മിത്തുകളുടെ പുനർവായനയും പ്രണയത്തിന്റെ ആത്മീയതയും പെൺപക്ഷവും വിജയലക്ഷ്മിയുടെ വില്പത്രമെന്ന കവിതയെ മുൻനിർത്തി ചർച്ച ചെയ്യുക.

19. പ്രകൃതിയും പ്രണയവും ഇടചേർന്ന കവിതയാണ് സ്നേഹം - വിശദമാക്കുക

20. ഇഷ്ടമുടിക്കായൽ എന്ന കവിതയിലെ പ്രാദേശിക ജീവിത ചിത്രണത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

21. കീഴാളതയും ഗ്രാമീണതയും കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകളുടെ മുഖമുദ്രയാണ് - ശരിയോ?

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ* ***രണ്ട്*** *ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം.*

22. പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകൾ അനുയായികൾക്ക് നല്കുവാനുള്ള ദർശനങ്ങളെ ഉൾക്കൊള്ളുന്നതായിരുന്നു.- സമർത്ഥിക്കുക.

23. ആധുനിക ജീവിതത്തിനു നേരെയുള്ള ശക്തമായ പരിഹാസമാണ് എൻ.വി യുടെ കവിത - പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

24. കേരളീയതയുടേയും പാരിസ്ഥിതികബോധ്യത്തിന്റെയും നവഭാഷ്യങ്ങളുൾക്കൊള്ളുന്നവയാണ് രാമചന്ദ്രന്റെ കവിതകൾ - വിലയിരുത്തുക.

25. സ്ത്രീ വിമോചനത്തിന്റെ പ്രതീകമായി കവിതയിൽ മീര മാറുന്നതെങ്ങനെ?

(2×15=30)